Mr. Speaker: (a) has already been answered. (b) alone need be answered.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(ബി) ഇപ്പോഴും അരിവില താണുകൊണ്ടിരിക്കുകയാണ്. സ്ഥിതി ഗതികളും വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇനി എന്തെല്ലാം ചെയ്യുവാൻപോകുന്നുവെന്നു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. സ്ഥിതിഗതിക്കനുസരിച്ചു വേണ്ട നടപടികളും എടുക്കുന്നതാണു്.

നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവു്.

* 61. [30] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയുടേയും മറ്റു നിത്യോപയോഗസാധനങ്ങളുടേയും വില എത്രനാൾ മാസങ്ങളായി അത്യധികമായി വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) 1963 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ അരിയുടേയും മറ്റു പ്രധാന നിത്യോപയോഗസാധനങ്ങളുടേയും വിലനിലവാരം എന്തായിരുന്നു;

(സി) 1960, 1961, 1962 എന്നീ വർഷങ്ങളിൽ ഇതേമാസങ്ങളിൽ ഈ സാധനങ്ങളുടെ വിലനിലവാരം എന്തായിരുന്നു;

(ഡി) 1963-ൽ അവസാനമാസങ്ങളിൽ അരിവില ഗണ്യമായി വർദ്ധിക്കാൻ കാരണമെന്തു്;

(ഇ) ഈ വിലവർദ്ധനവു് നിയന്ത്രണാധീനമാക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളും സ്വീകരിച്ചു?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്): (എ) അരിയുടെ വില കഴിഞ്ഞ ഡിസംബർമാസം ആദ്യത്തെ രണ്ടാഴ്ചയിൽ താരതമ്യേന വർദ്ധിച്ചിരുന്നു. മറ്റു ചില നിത്യോപയോഗസാധനങ്ങളുടെ വിലയിലും ചെറിയ വർദ്ധനവുണ്ടായിട്ടുണ്ടു്.

(ബി) വില നിലവാരത്തിന്റെ വിവരം കാണിക്കുന്ന† സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിരിക്കുന്നു.

(സി) ‡ സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ഡി) സാധാരണമായി കേരളത്തിലെ വ്യാപാരികളുടെ അരി സപ്ലൈ ചെയ്യുന്ന തഞ്ചാവൂർ, കന്യാകുമാരി മുതലായ ഡിസ്ട്രിക്ടുകളിൽ തുടച്ചയായി മഴയുണ്ടായിരുന്നതിനാൽ അവിടത്തെ മില്ലുകളിൽനിന്നും അരി കയറ്റി അയയ്ക്കുന്നതിനു് സാധിക്കാതെ വരികയും, തന്മൂലം ചമ്പാ ഇനം അരിയുടെ സ്റ്റോക്കു് വളരെ കുറയുകയും, അരിവില കൂടുകയും ചെയ്തു.

(ഇ) ആന്ധ്രായിൽനിന്നും കേരളത്തിലേക്കു് കൂടുതൽ അരികൊണ്ടുവരുന്നതിനു വേണ്ടത്ര റെയിൽവേ വാഗണുകളും നൽകുന്നതിനു റെയിൽവേ അധികൃതരുമായി ഏർപ്പാടുകളും ചെയ്തു.

കേരളത്തിലേക്കു് അയയ്ക്കുന്ന അരിവാഗണുകളും റെയിൽവേ ജംഗ്ഷനുകളിൽ താമസിപ്പിക്കാതെ വേഗത്തിൽ നേരിട്ടു് ഇവിടെ എത്തിക്കുന്നതിനുള്ള

† Appendix I.

‡ Placed in the library.

LIBRARY ARCHIVES Kerala Legislative Assembly

നടപടിക്രമം സ്വീകരിച്ചു. കൂടാതെ, പ്രധാനപ്പെട്ട റെയിൽവേ ജംഗ്ഷനുകളും സന്ദർശിച്ച അവിടെ കേരളത്തിലേക്കുള്ള അരിവാഗണുകളും താമസിച്ചുകിടപ്പുണ്ടെങ്കിൽ അവയെ ഉടനടി അയപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചു. തന്മൂലം കൂടുതൽ അരി പെട്ടെന്നു് കേരളത്തിൽ എത്തിക്കുന്നതിനു സാധിച്ചു.

ന്യായവിലഷാപ്പുകൾവഴി കൂടുതൽ അരി വിതരണംചെയ്യുന്നതിലേക്കായി കേന്ദ്രഗവണ്മെൻറിൽനിന്നും 5,000 ടൺ അരി സ്പെഷ്യൽ കോട്ടായായി സമ്പാദിച്ചു. ഈ സ്റ്റോക്കു് ഉപയോഗിച്ച 22-12-63 മുതൽ രണ്ടാഴ്ചക്കാലത്തേക്കു് ന്യായവില ഷാപ്പുകൾവഴി കാർഡൊന്നിനു് രണ്ടിടങ്ങഴി അരിവീതം വിതരണം നടത്തി.

ജില്ലാ കളക്ടർമാർ മൊത്തവ്യാപാരികളെ വിളിച്ചുകൂട്ടി അമിതലാഭമെടുക്കാതെ നിരുൽസാഹപ്പെടുത്തുകയും, അവരുടെ സഹകരണം സമ്പാദിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അരിവിലക്കയറ്റം തടയാനുള്ള നടപടികൾ.

* 62. [44] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിവിലക്കയറ്റം നേരിടുന്നതിനു് ഇതിനിടെ ഗവണ്മെൻറു് എടുത്ത നടപടികൾ എന്തൊക്കെയാണു്;

(ബി) പതിവു കോട്ടാസ്സു പുറമേ സ്പെഷ്യൽകോട്ടയായി കേന്ദ്രത്തിൽനിന്നു എത്ര അരി അനുവദിച്ചുകിട്ടി;

(സി) മറ്റു സംസ്ഥാനങ്ങളിൽനിന്നു് എത്ര അരി വരുത്തി?

ശ്രീ. പി. എസ്സു്. ശ്രീനിവാസൻ: സർ, എന്റെ 30—ാമത്തെ ചോദ്യത്തിനുത്തരമായി പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു് എന്നു പറഞ്ഞതു് ഇവിടെ കിട്ടിയിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ: ഈ മേശപ്പുറത്തു വച്ചിട്ടുണ്ടു് എന്നു പറയുന്നതു മെമ്പറുടെ മേശയെ ഉദ്ദേശിച്ചാണോ, അതോ ആ മേശപ്പുറത്താണോ? സർ, സംഗതികൾ വ്യക്തമായിട്ടു അറിയാൻവേണ്ടിയാണു് ഞങ്ങൾ ചോദ്യം ചോദിക്കുന്നതു്. സാധാരണഗതിയിൽ ആ പട്ടിക മെമ്പറുടെ കയ്യിൽ കിട്ടണമെന്നില്ലേ?

Mr. Speaker: That will be made available. Let the Minister give the answer to question 44. എ.—ക്കു നേരത്തെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(ബി) & (സി) പതിവു കോട്ടായ്ക്കു പുറമേ 5,000 ടൺ അരി കേരളത്തിലേക്കു് കേന്ദ്രത്തിൽനിന്നും കൂടുതലായി അനുവദിച്ചു.

ശ്രീ. പി. എസ്സു്. ശ്രീനിവാസൻ: സർ, 30—ാമത്തെ ചോദ്യത്തിനു സ്റ്റേറ്റുമെൻറു് മേശപ്പുറത്തുവച്ചിട്ടുണ്ടു് എന്നു പറഞ്ഞു. അതു് ഇവിടെ കിട്ടിയിട്ടില്ല.

Mr. Speaker: If the statement has not been sent to the hon. Member, then that will be placed on the Table.

ശ്രീ. ഈ. പി. ഗോപാലൻ: ഉപചോദ്യങ്ങൾ ചോദിക്കണമെങ്കിൽ ഈ ചോദ്യത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ മേശപ്പുറത്തു വയ്ക്കണം. ഈ മാതിരിയുള്ള ചോദ്യത്തിനു സാധാരണ മര്യാദ അനുസരിച്ചു് ആ മെമ്പർക്കു

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please See answer to Starred Questions* 56 (3) 57 (13) and 61 (30)]

Statement showing the prices of the different varieties of rice in various centres of the State during the months of November and December, 1963.

Name of Centre	*Variety*	*Price per Ql. in Rs.*		*Nearest percentage of difference*	*Price per Ql. in Rs.*		*Nearest percentage of difference*	*Price per Ql. in Rs.*		*Nearest percentage of difference*	*Price per Ql. in Rs.*		*Nearest percentage of difference*
		Price as on 7-11-'63	*Price as on* 7-12-'63		*Price as on* 14-11-'63	*Price as on* 14-12-'63		*Price as on* 21-11-'63	*Price as on* 21-12-'63		*Price as on* 20-11-'63	*Price as on* 31-12-'63	
Trivandrum	Champa	64.32	77.72	+ 20	65.66	71.03	+ 9	68.34	65.66	— 3	72.37	67.58	— 7
	Basangi	62.77	66.34	+ 6	63.45	69.68	+ 9	63.65	64.35	+ 1	62.28	—	
	Dalwa	59.40	64.32	+ 8	60.65	69.68	+ 15	60.75	62.98	+ 3	60.75	64.32	+ 6
Quilon	Kuruva	66.84	74.65	+ 12	69.60	75.35	+ 9	69.60	74.65	+ 2	69.60	69.60	
	Basangi	66.50	74.00	+ 12	69.25	75.34	+ 9	70.30	70.95	+ 1	67.54	67.54	
Alleppey	Champa	68.05	72.82	+ 6	69.41	74.52	+ 7	68.75	68.25	— 1	70.77	69.76	— 2
	Rose	64.65	70.09	+ 9	65.31	72.82	+ 10	64.65	69.42	+ 7	70.01	69.04	— 2
Kottayam	Champa	67.32	73.14	+ 9	65.25	70.25	+ 7	68.96	73.35	+ 7	66.20	70.55	+ 6
	Rose	62.79	71.76	+ 14	69.66	70.25	+ 2	65.25	70.25	+ 7	—	68.89	
Ernakulam	Champa	67.36	70.77	+ 4	68.72	73.82	+ 7	67.02	66.00	— 1	70.08	69.06	— 1
	Matta	61.58	70.78	+ 14	63.38	72.18	+ 14	65.32	64.98	— 1	66.00	66.00	
Trichur	Champa	63.00	69.00	+ 9	64.00	69.00	+ 7	65.00	71.50	+ 9	67.36	66.61	— 1
Palghat	Matta	58.00	65.00	+ 12	62.60	65.00	+ 4	61.00	62.25	+ 1	65.32	62.60	— 3
Palghat	Kuruva	62.00	67.82	+ 8	63.00	68.50	+ 9	65.42	64.75	— 1	65.42	64.39	— 1
	Matta	58.22	66.10	+ 13	60.28	67.13	+ 11	61.65	63.36	+ 2	63.36	64.39	+ 1
Kozhikode	Kuruva	64.65	72.50	+ 12	68.50	75.50	+ 10	64.65	71.20	+ 10	66.75	69.80	+ 4
	Girki	60.70	71.50	+ 16	83.90	74.25	+ 17	60.71	69.00	+ 12	64.50	64.00	